"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

സഹകരണ വകുപ്പ് - സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് നടത്തുന്ന പരീക്ഷയുമായി ബന്ധപ്പെട്ട് സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും ഈടാക്കുന്ന ഫീസ് വർദ്ധിപ്പിക്കുന്നതിനും - സർവ്വീസ് ചാർജ്ജിനും, ഫീസിനും ജി.എസ്.ടി ഈടാക്കുന്നതിനും - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സഹകരണ(ബി) വകുപ്പ്

സ.ഉ.(കൈ) നം.17/2024/Co-Op തീയതി,തിരുവനന്തപുരം, 13-08-2024

---

പരാമർശം:- 1. 28/02/2005 ലെ ജി.ഒ(എം.എസ്) നം.27/2005/സഹ
2. 04/02/2020 ലെ ജി.ഒ(എം.എസ്) നം.05/2020/സഹ
3. സഹകരണ സംഘം രജിസ്ട്രാറുടെ 17/08/2023 , 03/06/2024 തീയതികളിലെ ആർ.സി.എസ്/6783/2023/ഇ.എം(5) നമ്പർ കത്തുകൾ.

## ഉത്തരവ്

സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന്റെ വരുമാനത്തിന് ജി.എസ്.റ്റി. അടയ്ക്കുന്നതിനായി സമൻസ് ലഭിച്ചിട്ടുള്ളതിനാൽ പരീക്ഷാ നടത്തിപ്പിനായി സംഘങ്ങളിൽ നിന്നും ഈടാക്കുന്ന ഫീസിനും, ഉദ്യോഗാർത്ഥികളിൽ നിന്നും ഈടാക്കുന്ന പരീക്ഷാഫീസിനും 18% നിരക്കിൽ ജി.എസ്.റ്റി. ഈടാക്കുന്നതിനും പരീക്ഷാ നടത്തിപ്പിനായി ബന്ധപ്പെട്ട സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും ഈടാക്കുന്ന ഫീസ് വർദ്ധിപ്പിക്കുന്നതിനും അനുമതി നൽകണമെന്ന് സൂചന മൂന്നിലെ കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം പരീക്ഷാഫീസായി ഉദ്യോഗാർത്ഥികളിൽ നിന്നും ഈടാക്കുന്ന തുകയോടൊപ്പം 18% ജി.എസ്.റ്റി കൂടി ഈടാക്കുന്നതിനും സഹകരണ സർവീസ് പരീക്ഷാ ബോർഡ്

നടത്തുന്ന പരീക്ഷയുമായി ബന്ധപ്പെട്ട് പരാമർശം രണ്ടിലെ ഉത്തരവ് പ്രകാരം സംഘങ്ങളിൽ നിന്നും ഈടാക്കുന്ന ഫീസ് നിരക്ക് ചുവടെ ചേർക്കുംവിധം വർദ്ധനവ് വരുത്തുന്നതിനും പ്രസ്തുത തുകയോടൊപ്പം 18% ജി.എസ്.റ്റി കൂടി ഈടാക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

| സംഘം /ബാങ്ക് | നിലവിലുണ്ടായിരുന്ന ഫീസ് | പുതുക്കിയ ഫീസ് |
|---|---|---|
| ക്ലാസ്സ് 1 സൂപ്പർ ഗ്രേഡ്, ക്ലാസ്സ് 1 സ്പെഷ്യൽ ഗ്രേഡ് ബാങ്ക്/സംഘങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്യുന്ന ഒരോ ഒഴിവിനും | 5000 | 10,000 രൂപയും 18% നിരക്കിൽ ജി.എസ്.റ്റിയും |
| ക്ലാസ്സ് 1 ബാങ്ക്/സംഘങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്യുന്ന ഓരോ ഒഴിവിനും | 5000 | 8,000 രൂപയും 18% നിരക്കിൽ ജി.എസ്.റ്റിയും |
| ക്ലാസ്സ് 2 ക്ലാസ്സ് 3 ബാങ്ക്/സംഘങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്യുന്ന ഒരോ ഒഴിവിനും | 4000 | 6000 രൂപയും 18% നിരക്കിൽ ജി.എസ്.റ്റി യും |
| ക്ലാസ്സ് 4,5,6,7 ബാങ്ക്/സംഘങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്യുന്ന ഒരോ ഒഴിവിനും | 3000 | 4000 രൂപയും 18% നിരക്കിൽ ജി.എസ്.റ്റി യും |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
AJI PHILIP
അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ,തിരുവനന്തപുരം.

സെക്രട്ടറി, സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക

വകുപ്പ് (പ്രസിദ്ധീകരണത്തിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Radhika P
സെക്ഷൻ ഓഫീസർ
Date: 14-08-2024 12:06:37

പകർപ്പ് ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസിന്
സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ ക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി.എ ക്ക്